"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അച്ചടക്ക നടപടി ഡോ.അനിൽകുമാർ സി.റ്റി സമർപ്പിച്ച പുനഃപരിശോധനാ ഹർജി നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.689/2026/LBR തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:-
1. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 06.02.2023 ലെ ഡി3-273/2023/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.
2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 20.03.2023 ലെ ഡി3-273/2023/ഡി.ഐ.എം.എസ് നമ്പർ കുറ്റപത്രം.
3. ഡോ.അനിൽ കുമാർ.സി.റ്റി സമർപ്പിച്ച 06.04.2023 തീയതിയിലെ എതിർവാദ പത്രിക
4. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 04.09.2023 ലെ ഡി3-273/2023/ഡി.ഐ.എം.എസ് നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 03.01.2024 തീയതിയിലെ ഡി3-273/2023/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.
6. ഡോ.അനിൽ കുമാർ.സി.റ്റി സമർപ്പിച്ച 25.03.2024 തീയതിയിലെ അപ്പീൽ അപേക്ഷ .
7. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 22.07.2024 തിയതിയിലെ ഡി3-12/2024/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പാലക്കാട് ഇ.എസ്.ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായിരുന്ന ഡോ.അനിൽകുമാർ സി.റ്റി, POCSO നിയമ പ്രകാരം കുറ്റം ചുമത്തപ്പെട്ട് വകുപ്പിന്റെ സൽപ്പേരിന് കളങ്കം വരുത്തുകയും 31/12/2022 മുതൽ ഒളിവിൽ പോവുകയും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിമനേയും തുടർന്ന് ടിയാനെ അച്ചടക്കനടപടിക്ക് വിധേയമായി സർവീസിൽ നിന്ന് 31/12/2022 പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്യുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ഡോ.അനിൽകുമാർ സി.റ്റി-യ്ക്കെതിരായി

അച്ചടക്കനടപടി ആരംഭിക്കുകയും പരാമർശം (5) പ്രകാരം ടിയാന്റെ 3 വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

2) പരാമർശം (5) പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി പുനഃ പരിശോധിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് പരാമർശം (6) പ്രകാരം ഡോ.അനിൽകുമാർ സി.റ്റി സർക്കാർ മുൻപാകെ അപ്പീൽ സമർപ്പിച്ചു. ഡോ.അനിൽകുമാർ സി.റ്റി-യുടെ അപ്പീലിൽ പരാമർശം (7) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിന് വിരുദ്ധമായതും സദാചാര വിരുദ്ധമായതുമായ പോക്സോ കേസിൽ ഒരു സർക്കാർ ഡോക്ടറും മാതൃകാപരമായി പെരുമാറേണ്ടതുമായ ഡോ.അനിൽകുമാർ സി.റ്റി ഉൾപ്പെട്ടതിനാലും, ടി സംഭവം മൂലം വകുപ്പിനും സർക്കാരിനും മാനഹാനി നേരിട്ടതിനാലുമാണ് ടി ജീവനക്കാരനെതിരേ അച്ചടക്ക നടപടി ആരംഭിക്കുകയും വാർഷിക വേതന വർദ്ധനവുകൾ തടഞ്ഞ് ശിക്ഷ നൽകുകയുണ്ടായതെന്നും, ഡോ.അനിൽകുമാർ.സി.റ്റി വാദിക്കുന്നതുപോലെ ക്രിമനൽ കേസിൽ കോടതി ശിക്ഷിച്ചതിന് ശേഷമാണെങ്കിൽ ആ കാരണം കൊണ്ട് തന്നെ ടി ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്നും അപ്രകാരം കോടതിയുടെ അന്തിമ വിധിക്കനുസരണം തീരുമാനമെടുക്കേണ്ടി വരുന്ന സാഹചര്യം നിലിവിലുള്ളതുകൊണ്ടാണ് കോടതിയുടെ അന്തിമ തീരുമാനത്തിനനുസരണം വകുപ്പുതല നടപടിയുടെ ഭാഗമായി നൽകിയ ശിക്ഷ പുനഃപരിശോധിക്കുമെന്ന് ഉത്തരവിൽ സൂചിപ്പിക്കുകയുണ്ടായതെന്നും, ഡോ.അനിൽകുമാറിനെതിരേ സ്വീകരിക്കുകയുണ്ടായ അച്ചടക്ക നടപടികൾ ചട്ടപ്രകാരമാണ് എന്നതിനാലും കുറ്റവിമുക്തനാക്കണമെന്നും, സസ്പെൻഷൻ പീരീഡ് ഡ്യൂട്ടിയായി പരിഗണിക്കണമെന്നുമുള്ള ടി ജീവനക്കാരന്റെ അപ്പീൽ നിരസിക്കണമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.അനിൽകുമാർ സി.റ്റി യ്ക്കെതിരെ 1960 ലെ കേരളം സിവിൽ സർവീസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) rules പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി, നടപടിക്രമം പൂർണമായി പാലിച്ചുകൊണ്ടാണ് നടപ്പിലാക്കിയത്. ആയതിനാൽ ഡോ.അനിൽകുമാർ സി.റ്റി യുടെ മൂന്ന് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞുകൊണ്ട് പരാമർശം (5) ലെ ഉത്തരവിനെതിരെ ടി വ്യക്തി പരാമർശം (6) പ്രകാരം സമർപ്പിച്ചിരിക്കുന്ന അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം
ഡോ. ഡോ.അനിൽകുമാർ സി.റ്റി, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Salini S
Date: 17-06-2026 10:48:10
സെക്ഷൻ ഓഫീസർ